കവർസ്റ്റോറി

ആമിർ ലത്വീഫ്



# ‘പാക് സ്വിറ്റ്സർലന്റി’ൽനിന്ന് ദുരന്തക്കാഴ്ചകൾ

പാക് സുരക്ഷാസേനയും താലിബാനും തമ്മിൽ സംഘട്ടനം രൂക്ഷമാവുന്നതിനു മുമ്പ് ഒരാഴ്ച യോളം സ്വാതിൽ പര്യടനം നടത്തിയ *ഇസ്‌ലാം ഓൺലൈൻ* പ്രതിനിധി **ആമിർ ലത്വീഫ്** തയാറാ ക്കിയ റിപ്പോർട്ട്. സ്വാത് പ്രശ്നത്തെ മറയാക്കി അവാസ്തവങ്ങളും അർധ സത്യങ്ങളും കൂട്ടിക്ക ലർത്തി ആശയക്കുഴപ്പം സൃഷ്ടിക്കുകയും ഇസ്‌ലാമോഫോബിയ വളർത്തുകയുമാണ് മുഖ്യധാരാ മീഡിയയെന്ന് ഈ റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു.

**സ്വാത്-** പ്രശ്നസങ്കീർണമായ സ്വാത് താഴ്വ രയിലേക്ക് വണ്ടി തിരിക്കുമ്പോൾ പുതുതായി നിർമിച്ച റോഡിന് ഇരുവശത്തും കെട്ടിയു യർത്തിയ മുള്ളുവേലികളും സിമന്റ് ബ്ലോക്കു കളും സന്ദർശകന്റെ കണ്ണിൽ പെടാതിരിക്കില്ല. ഒരു കാലത്ത് ടൂറിസ്റ്റുകളെ ആകർഷിച്ചിരുന്ന ഈ ഭൂപ്രദേശത്ത് ഏർപ്പെടുത്തിയിരിക്കുന്ന സുരക്ഷാ സംവിധാനങ്ങളുടെ ആദ്യ സൂചന കൾ.

ഞങ്ങളുടെ വാഹനം ദർഗായിൽ എത്തി. മലക്കന്ദിലേക്കുള്ള പ്രവേശന കവാടമാണിത്. സ്വാത് ഉൾപ്പെടെയുള്ള ഏഴു ജില്ലകൾ ചേർന്ന ഡിവിഷനാണ് മലക്കന്ദ്. അതിർത്തി സംസ്ഥാന ത്തിന്റെ തലസ്ഥാനമായ പെഷവാറിൽനിന്ന് ഞങ്ങൾ യാത്ര തിരിക്കുമ്പോൾ പുറത്തെ കൊടും ചൂടിൽനിന്ന് ഞങ്ങളെ കാത്തുപോന്ന കാറിലെ എ.സി ഡ്രൈവർ ഓഫാക്കി. “സർ, ഇനി എ.സി വേണമെന്നില്ല. അല്ലാതെതന്നെ മലക്കന്ദിൽ എത്തി എന്ന് നിങ്ങൾക്ക് അറിയാം.” സ്വാതുകാ രനായ യുവ ഡ്രൈവർ നസ്‌റുല്ല പറഞ്ഞു. അപ്പറഞ്ഞത് ശരിയായിരുന്നു. പരന്നുകിടക്കുന്ന സ്വാത് താഴ്വരയിലേക്ക് കടക്കുന്ന ആരെയും വര വേൽക്കുക തണുപ്പുള്ള ഇളം കാറ്റായിരിക്കും.

ദർഗായിൽനിന്ന് ബട്കേലയിലേക്ക്

പോകുന്ന മിക്ക വാഹനങ്ങളിൽനിന്നും സംഗീതമുയരുന്നത് വ്യക്തമായി കേൾക്കാം. സ്വാത് തലസ്ഥാനമായ മിൻഗോറയിൽനിന്ന് 40 കിലോമീറ്റർ അകലെയുള്ള കൊച്ചു നഗരമാണ് ബട്കേല. 'തഹ്‌രീകെ നിഫാദെ ശരീഅ മുഹമ്മദി'(TNSM) എന്ന സംഘടനയുടെ ആസ്ഥാന മന്ദിരമുള്ളത് മിൻഗോറയിലാണ്.

ഞങ്ങൾ ബട്കേലയിലേക്ക് പോയിക്കൊണ്ടിരിക്കുമ്പോൾ ടി.എൻ.എസ്.എമ്മിന്റെ കറുപ്പും വെളുപ്പും നിറത്തിലുള്ള പതാക പാറിക്കളിക്കുന്ന രണ്ട് വാഹനങ്ങൾ ഞങ്ങളോടൊപ്പമുണ്ടായിരുന്നു. ആ വണ്ടികളുടെ മുകളിൽ ഘടിപ്പിച്ച ഉച്ചഭാഷിണികളിൽനിന്ന് ഖുർആൻ സൂക്തങ്ങൾ ഉയർന്നുകേൾക്കുന്നുണ്ട്. കുറച്ചു നേരം അവർ ഞങ്ങളോടൊപ്പമുണ്ടായിരുന്നു. പിന്നെ ഏതോ തിരിവിൽ വെച്ച് അവർ അജ്ഞാത കേന്ദ്രങ്ങളിലേക്ക് വണ്ടിയോടിച്ചുപോയി. മലക്കന്ദിലെ ഏറ്റവും പ്രബല സംഘമാണ് തഹ്‌രീകെ നിഫാദ്.

ബട്കേലയിൽ ഭീതിയുടെയോ അസ്വസ്ഥതയുടെയോ അടയാളമൊന്നും കണ്ടില്ല. പ്രധാന ബസാറിൽ നല്ല ജനത്തിരക്കും. "ഇവിടെ തീവ്രവാദി ആക്രമണങ്ങളോ സൈനിക നടപടികളോ ഒന്നും ഉണ്ടാകാറില്ല" - നസ്റുല്ല പറഞ്ഞു. ഷോപ്പിംഗ് നടത്തുന്നവരിൽ അധികവും പുരുഷന്മാരാണ്. സ്ത്രീകളെ കുറച്ചേ കണ്ടുള്ളൂ.

## കൺകുളിർപ്പിക്കുന്ന സ്വാത്

മിൻഗോറയിൽനിന്ന് 28 കിലോമീറ്റർ ഇപ്പുറമുള്ള ലൻഡേക്കിൽ എത്തിയപ്പോൾ നസ്റുല്ല ടേപ്പ് റിക്കാർഡർ ഓഫാക്കി. "ഇവിടം മുതലാണ് പ്രശ്നം തുടങ്ങുന്നത്"- മുറി ഉർദുവിൽ അദ്ദേഹം പറഞ്ഞു. സ്വാത് താഴ്‌വര അതിന്റെ നിറപ്പകിട്ടുകൾ കാണിക്കാൻ തുടങ്ങി. റോഡിന് ഇരുവശവും ആപ്പിൾ, അപ്രികോട്ട്, പീച്ച്, ഓറഞ്ച് മരങ്ങൾ നിരന്നു നിൽക്കുന്നു. സ്വാത് നിവാസികളുടെ പ്രധാന വരുമാന സ്രോതസ്സുകളാണിവ. മരങ്ങൾക്ക് പിറകിൽ പച്ചപ്പാർന്ന മലനിരകൾ. അവയുടെ മാറിലൂടെ ഒഴുകിവരുന്ന നീരുറവകൾ.

ഞങ്ങൾ മിൻഗോറ നഗരത്തിൽ കടന്നപ്പോൾ ഉപരോധിക്കപ്പെട്ടതിന്റെ ലക്ഷണങ്ങളൊന്നുമില്ല. ഏതാനും ആഴ്ചകൾക്കു മുമ്പ് വരെ മുഴു പകൽസമയ കർഫ്യൂ ആയിരുന്നു ഇവിടെ. മുഖ്യ ബസാറിൽ ഭയങ്കര തിരക്ക്. ജനക്കൂട്ടത്തിനിടയിലൂടെ വണ്ടിയെടുക്കുമ്പോൾ നസ്റുല്ലയുടെ ഹോൺ നിർത്താതെ ശബ്ദിച്ചുകൊണ്ടിരുന്നു. ചായയും പരമ്പരാഗത ചാപ്പിൽ കബാബും കഴിക്കാൻ ഹോട്ടലുകളിൽ നിറയെ ആളുകളുണ്ട്. പലരുടെയും സംസാരം ഏതു നിമിഷവും തകർന്നേക്കാവുന്ന സ്വാത് കരാറിനെക്കുറിച്ചാണ്. ജനങ്ങൾക്ക് ഇക്കാര്യത്തിൽ അത്ര ഭീതിയുള്ളതായി തോന്നിയില്ല. ജനം തെരുവുകളിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു.

**അത്യാവശ്യമായി ഒരു ഇന്റർനെറ്റ് കഫേയിൽ പോകേണ്ടതുണ്ടെന്ന് പറഞ്ഞപ്പോൾ പ്രാദേശിക പത്രപ്രവർത്തകൻ എന്നെ അത്ഭുതത്തോടെ നോക്കി. "അത് സാധ്യമല്ല. എല്ലാ ഇന്റർനെറ്റ് കഫേകളും താലിബാൻ അടപ്പിച്ചുകഴിഞ്ഞു. കേബിൾ ടി.വി സംവിധാനം തന്നെ പ്രവർത്തിക്കാൻ തുടങ്ങിയത് വാർത്തകൾ മാത്രമേ കാണിക്കൂ എന്ന് കേബിൾ ഓപ്പറേറ്റർമാർ വാക്ക് കൊടുത്തതിനു ശേഷമാണ്."**

## താലിബാന്റെ സമയം

വൈകീട്ട് 8 മണിയോടെ മഗ്‌രിബിന് ബാങ്ക് വിളിച്ചു. നൂറുകണക്കിനാളുകൾ, അധികവും ചെറുപ്പക്കാർ പ്രധാന പള്ളിയിൽ ഒത്തുകൂടി. പക്ഷേ നമസ്കാരം കഴിഞ്ഞപ്പോൾ നഗരം അപ്പാടെ മാറിപ്പോയിരുന്നു. മിനുട്ടുകൾക്ക് മുമ്പ് ആളുകളെ കൊണ്ട് നിന്നുതിരിയാൻ ഇടമില്ലാതിരുന്ന പ്രധാന ബസാർ ഏറക്കുറെ ശൂന്യമായിരിക്കുന്നു.

"ഇനി താലിബാന്റെ സമയമാണ്"- ഒരു പ്രാദേശിക പത്രപ്രവർത്തകൻ എന്റെ ചെവിയിൽ മന്ത്രിച്ചു. പക്ഷേ താലിബാനെയോ ആയുധധാരികളെയോ കാണാനുണ്ടായിരുന്നില്ല. "അവർ എവിടെയുമില്ല. എന്നാൽ എല്ലായിടത്തും ഉണ്ടുതാനും. തദ്ദേശീയരുമായി ഇടകലർന്നാണ് അവരുടെ നീക്കങ്ങൾ"- അദ്ദേഹം പറഞ്ഞു.



അത്യാവശ്യമായി ഒരു ഇന്റർനെറ്റ് കഫേയിൽ പോകേണ്ടതുണ്ടെന്ന് പറഞ്ഞപ്പോൾ പ്രാദേശിക പത്രപ്രവർത്തകൻ എന്നെ അത്ഭുതത്തോടെ നോക്കി. "അത് സാധ്യമല്ല. എല്ലാ ഇന്റർനെറ്റ് കഫേകളും താലിബാൻ അടപ്പിച്ചുകഴിഞ്ഞു. കേബിൾ ടി.വി സംവിധാനം തന്നെ പ്രവർത്തിക്കാൻ തുടങ്ങിയത് വാർത്തകൾ മാത്രമേ കാണിക്കൂ എന്ന് കേബിൾ ഓപ്പറേറ്റർമാർ വാക്ക് കൊടുത്തതിനു ശേഷമാണ്." ഏതായാലും എന്റെ റിപ്പോർട്ട് അയക്കാനുള്ള കമ്പ്യൂട്ടർ സൗകര്യങ്ങൾ അദ്ദേഹം തന്റെ ഓഫീസിൽ എനിക്ക് ചെയ്തുതന്നു. റിപ്പോർട്ട് തയാറാക്കിക്കൊണ്ടിരിക്കുമ്പോൾ താലിബാന്റെ ചെറിയ സംഘങ്ങൾ നഗരത്തിൽ റോന്ത് ചുറ്റുന്നത് കാണാം. ആയുധങ്ങളൊന്നും പുറത്തേക്ക് കാണാനില്ല. എന്നാൽ അവർ പൂർണ സായുധരാണ് എന്ന കാര്യം തീർച്ച.

"അവർ അനാവശ്യമായി നിങ്ങളെ ശല്യപ്പെടുത്തുകയില്ല." പ്രാദേശിക പത്രപ്രവർത്തകൻ പറഞ്ഞു. "സംശയം തോന്നിയാൽ അവർ നിങ്ങളെ തടഞ്ഞുനിർത്തും, ചോദ്യംചെയ്യും."

ഇത് സ്വാതിലെ എന്റെ ആദ്യ രാത്രി. സ്വാത് കരാറിന്റെ ഭാവിയെന്താവും എന്ന സ്വാത്തുകാരുടെ ഉത്കണ്ഠ എന്റെയും ഉത്കണ്ഠയായി മാറിക്കഴിഞ്ഞിരുന്നു.

## താലിബാനെ എതിർത്തും അനുകൂലിച്ചും

"പല കാര്യങ്ങളിലും എനിക്ക് താലിബാനോട് വിയോജിപ്പാണ്. പ്രത്യേകിച്ച് ശരീഅത്ത് അടിച്ചേൽപ്പിക്കുന്ന തരത്തിലുള്ള അവരുടെ രീതികളോട്." മിൻഗോറയിൽ സ്വകാര്യ സ്കൂൾ നടത്തുന്ന ഹുസൈൻ സകി പറഞ്ഞു. "കഴുത്തറുക്കലും സ്കൂൾ തകർക്കലും ആർക്ക് അംഗീകരിക്കാനാവും!" സകി നടത്തുന്ന ഗേൾസ് സ്കൂൾ അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ട് താലിബാൻ അദ്ദേഹത്തിന് ഭീഷണിക്കത്ത് അയച്ചിരുന്നു. നൂറുകണക്കിന് ഗേൾസ് സ്കൂളുകളാണ് ഇങ്ങനെ അടച്ചുപൂട്ടിയത്. അടച്ചുപൂട്ടിയില്ലെങ്കിൽ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരും. അതിർത്തി പ്രവിശ്യാ ഗവൺമെന്റും താലിബാനും തമ്മിലുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ ഈ സ്കൂളുകൾ വീണ്ടും തുറക്കാനും സ്വാത് ഉൾപ്പെടെയുള്ള നിരവധി ജില്ലകളിൽ ശരീഅത്ത് നടപ്പാക്കാനും തീരുമാനമായിരുന്നു.

താലിബാന്റെ ചില നല്ല വശങ്ങളും സകി എടുത്ത് കാണിക്കുന്നുണ്ട്. "ഞങ്ങളുടെ ജീവിതം ദുരിതപൂർണമാക്കിയിരുന്ന കൊടും ക്രിമിനലുകളെ ഓടിച്ചത് താലിബാനാണ്. സായുധ കൊല, മോഷണം, പണത്തിനു വേണ്ടി തട്ടിക്കൊണ്ടുപോകൽ ഇതൊക്കെ ഒന്നര കൊല്ലം മുമ്പ് ഇവിടെ സർവ സാധാരണമായിരുന്നു. താലിബാൻ ഇവരെ തങ്ങളുടെ കോടതിയിൽ വിചാരണ ചെയ്യുകയും പലരെയും വധശിക്ഷക്ക് വിധേയരാക്കുകയും ചെയ്തു. ഇത് കണ്ട് മറ്റുള്ള ക്രിമിനലുകൾ ജീവനും കൊണ്ടോടി"- അദ്ദേഹം പറഞ്ഞു.


മുമ്പ് സ്വാത് താഴ്‌വരയിൽ മദ്യം സമൃദ്ധമായി ഒഴുകിയിരുന്നു. മദ്യക്കച്ചവടക്കാരുടെ കടന്നുവരവ് തദ്ദേശീയർക്ക് ഒട്ടും ഇഷ്ടമായിരുന്നില്ല. പാക് ഭരണകൂടമാകട്ടെ എല്ലാറ്റിനും മൗനാനുവാദം നൽകി. "താലിബാൻ വന്നപ്പോൾ ഒന്നാം ദിവസം തന്നെ മദ്യക്കച്ചവടക്കാർ സ്ഥലം വിട്ടു."

സ്ഥലത്തെ ഒരു കോളേജ് പ്രിൻസിപ്പലായ സിയാഉദ്ദീൻ ഈ വാദമുഖങ്ങളോട് വിയോജിക്കുന്നു. "ഞങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഭരണകൂടം പരാജയപ്പെട്ടു എന്നത് ശരിയാണ്. പക്ഷേ പകരം വന്നത് അതിനേക്കാൾ മോശമാണ്. ഞാനൊരു വിദ്യാഭ്യാസ പ്രവർത്തകനാണ്. ഒരു ദിവസം താലിബാൻ വന്ന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചുപൂട്ടാൻ ഉത്തരവിട്ടേക്കുമോ എന്ന് ഞാൻ ഭയക്കുന്നു. വിദ്യാഭ്യാസത്തിന്റെ വില അറിയാത്ത ഈ വിഭാഗം ഞങ്ങളെ ഭരിച്ചാൽ എന്താകും സ്ഥിതി!"

സിയാഉദ്ദീൻ സംസാരിച്ചുകൊണ്ടിരിക്കെ ജെറ്റ് ഫൈറ്റർ വിമാനങ്ങളുടെ കാതടപ്പിക്കുന്ന ഇരമ്പൽ. താലിബാൻ ഒളികേന്ദ്രങ്ങൾ ലക്ഷ്യമിട്ട് അവ വളരെ താഴ്ന്ന് പറക്കുകയാണ്. വിദ്യാർഥികൾ ആകെ പരിഭ്രാന്തരായി. "ഈ ശബ്ദകോലാഹലം ഞാൻ വെറുക്കുന്നു. ഈ ഒച്ചകൾ കേട്ട് ഞങ്ങളൊക്കെ മാനസിക രോഗികളായിത്തീർന്നിരിക്കുകയാണ്. സായുധ സംഘങ്ങളെയല്ല, സാധാരണക്കാരെയാണ് അവർ കൊല്ലുന്നത്."

നിലവിലുള്ള ഭരണത്തിലോ നിയമവ്യവസ്ഥയിലോ ജനം ഒട്ടും തൃപ്തരല്ലെന്ന് സിയാഉദ്ദീൻ സമ്മതിച്ചു. അതുകൊണ്ട് തദ്ദേശീയരിൽ ഒരു വിഭാഗം താലിബാനോട് അനുഭാവമുള്ളവരാണ്. ഇത് താലിബാനെതിരെ ഒറ്റക്കെട്ടായി നിൽക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. സ്വാതിലെ പരമ്പരാഗത ഗോത്ര സംവിധാനം തകർന്നതും താലിബാനെതിരെ ഐക്യനിര ഉണ്ടാക്കുന്നതിന് വിഘാതമാണെന്ന് അദ്ദേഹം പറഞ്ഞു. ശരീഅത്ത് നിയമസംവിധാനം നിലനിർത്തണമെന്ന ഉപാധിയോടെ 1969-ൽ പാകിസ്താനോട് ചേർന്ന അവസാനത്തെ സംസ്ഥാനമാണ് സ്വാത്. പക്ഷേ, തുടർന്ന് വന്ന ഭരണകൂടങ്ങളൊന്നും ഈ ഉപാധി പാലിച്ചില്ല. അങ്ങനെയാണ് സ്വാതിൽ ശരീഅത്തിന്റെ പ്രയോഗവത്കരണം ലക്ഷ്യംവെച്ച് സ്വൂഫി മുഹമ്മദ് തഹ്‌രീകെ നിഫാദെ ശരീഅ മുഹമ്മദി എന്ന പാർട്ടിക്ക് രൂപം നൽകിയത്.

**ഖാദി കോർട്ടുകളുടെ വിധിയെ ദാറുൽ ഖദാ എന്ന മേൽക്കോടതിയിൽ ചോദ്യം ചെയ്യാം. ദാറുൽ ഖദായുടെ വിധി അന്തിമമായിരിക്കും. "താലിബാനോ ടി.എൻ.എസ്.എം പ്രവർത്തകരോ ഇതിൽ ഇടപെടില്ല. ഗവൺമെന്റ് ഉദ്യോഗസ്ഥരും പോലീസുമായിരിക്കും വിധിയുടെ നടത്തിപ്പുകാർ."**




### എന്തുകൊണ്ട് ആയുധം താഴെ വെക്കുന്നില്ല?

പ്രശ്നകലുഷമായ മലക്കന്ദ് ഡിവിഷനിൽ ശരീഅത്ത് നടപ്പാക്കുകയെന്ന ആവശ്യം ഗവൺമെന്റ് അംഗീകരിച്ചിട്ടും ആയുധം താഴെ വെക്കാൻ താലിബാൻ കൂട്ടാക്കിയിരുന്നില്ല. പല താലിബാൻ കമാന്റർമാരോടും സംസാരിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, താലിബാൻ പോരാളികൾ തിരിച്ചടി പേടിക്കുന്നുണ്ടെന്നാണ്. പഷ്തൂൺ സാമൂഹികജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത രണ്ട് കാര്യങ്ങളാണ് 'ബദലും' (പ്രതികാരം), 'പനാഹും' (അഭയസ്ഥാനം). ഒരു പഷ്തൂൺകാരൻ ഒരിക്കലും തന്റെ പ്രതികാരം മറക്കാൻ പാടില്ല എന്നാണ് ചട്ടം. വളരെ അകന്ന ബന്ധുവിനെയാണ് ശത്രു കൊന്നതെങ്കിൽ പോലും പ്രതികാരത്തിന് ഇറങ്ങിപ്പുറപ്പെടുന്നതാണ് പരമ്പരാഗത രീതി.

നൂറുകണക്കിന് സുരക്ഷാ സൈനികരെയും അവരുടെ അനുകൂലികളെയും താലിബാൻ വകവരുത്തിയിട്ടുണ്ട്. ഇവരുടെ കുടുംബങ്ങളുടെ പ്രതികാര ദാഹമാണ് താലിബാന്റെ ഉറക്കം കെടുത്തുന്നത്. "ഞാൻ ഇവിടത്തുകാരനാണ്. എന്നെ എല്ലാവർക്കും അറിയാം. ഞങ്ങൾ ആയുധം വെച്ചു കഴിഞ്ഞാൽ കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾ ഞങ്ങൾക്കെതിരെ തിരിയില്ലേ? ആരാണ് ഞങ്ങളെ രക്ഷിക്കുക?" ബഖറിലെ ഒരു താലിബാൻ കമാൻഡർ ചോദിച്ചു.

പ്രാദേശിക താലിബാന്റെ നേതൃത്വം സൂഫി മുഹമ്മദിന്റെ

**പ്രശ്നകലുഷമായ മലക്കന്ദ് ഡിവിഷനിൽ ശരീഅത്ത് നടപ്പാക്കുകയെന്ന ആവശ്യം ഗവൺമെന്റ് അംഗീകരിച്ചിട്ടും ആയുധം താഴെ വെക്കാൻ താലിബാൻ കൂട്ടാക്കിയിരുന്നില്ല. പല താലിബാൻ കമാന്റർമാരോടും സംസാരിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, താലിബാൻ പോരാളികൾ തിരിച്ചടി പേടിക്കുന്നുണ്ടെന്നാണ്.**



സൂഫി മുഹമ്മദ്

മരുമകനായ മൗലാനാ ഫസ്‌ലുല്ലക്കാണ്. അദ്ദേഹം പറഞ്ഞാൽ പോലും അനുയായികൾ കേൾക്കാനിടയില്ലെന്ന് ഒരു പ്രാദേശിക പത്രപ്രവർത്തകൻ പറഞ്ഞു.

### പറുദീസാ നഷ്ടത്തിന്റെ ഇരകൾ

കാര്യമായി ഒന്നും ചെയ്യാനില്ലാതെ മിൻഗോറയിലെ തന്റെ പഴക്കടയിൽ ഇരിക്കുമ്പോൾ ഹാജി സാഹിദ് ടൂറിസ്റ്റുകളുടെ പറുദീസയായിരുന്ന പഴയ സ്വാതിനെ ഓർത്തു. "കഴിഞ്ഞ ഒന്നര വർഷമായി കച്ചവടമൊന്നും നടക്കുന്നില്ല. ടൂറിസ്റ്റുകളുമില്ല. ചില ദിവസങ്ങളിൽ ഒരൊറ്റ ടൂറിസ്റ്റിനെപോലും കണ്ടെന്നു വരില്ല."

അതിമനോഹരമായ പ്രകൃതി ദൃശ്യങ്ങൾ ലോകത്തിന്റെ നാനാ ഭാഗത്ത് നിന്നും സഞ്ചാരികളെ ഇങ്ങോട്ട് ആകർഷിച്ചിരുന്നു. പളുങ്ക് പോലെ തെളിഞ്ഞ നീരൊഴുക്കുകളും ആരെയും വശീകരിക്കുന്ന ശുദ്ധജല തടാകങ്ങളും ഇടതൂർന്ന വനങ്ങളും നയനമോഹനമാക്കുന്ന സ്വാത് 'പാക് സ്വിറ്റ്സർലന്റ്' എന്ന പേരിലാണ് അറിയപ്പെടുന്നത്. പ്രകൃതി സ്നേഹികൾക്ക് കൂടാരം കെട്ടി ക്യാമ്പ് ചെയ്യാം. കൂടാതെ നിരവധി പൗരാണിക സ്മാരകങ്ങളും.

ചരിത്രമുറങ്ങുന്ന ഈ മേഖലയുടെ കാര്യമായ ആശ്രയം ടൂറിസം തന്നെയായിരുന്നു. മെയ് മുതൽ സെപ്റ്റംബർ വരെ മാസങ്ങളിലാണ് ടൂറിസ്റ്റുകളുടെ തിരക്ക് അനുഭവപ്പെടുക. അതിക്രമങ്ങളും ഏറ്റുമുട്ടലുകളും ഹോട്ടൽ വ്യവസായത്തെയാണ് കൂടുതൽ ബാധിച്ചത്. "സീസണിൽ ടൂറിസ്റ്റുകൾക്ക് നൽകാൻ ഞങ്ങൾക്ക് വേണ്ടത്ര മുറികളുണ്ടായിരുന്നില്ല. ഇന്ന് എല്ലാ മുറികളും ഒഴിഞ്ഞുകിടക്കുന്നു. കുറച്ച് മാധ്യമ പ്രവർത്തകർ മാത്രമാണ് ഇവിടെ തങ്ങുന്നത്." സ്വാതിലെ ഏറ്റവും വലിയ ഹോട്ടലായ കോൺടിനെന്റലിന്റെ മാനേജർ മുഹമ്മദ് സൈദ് പറഞ്ഞു. ചെറുതും വലുതുമായ 1650 ഹോട്ടലുകളുണ്ടായിരുന്നു സ്വാതിൽ. അവയിൽ 30,000 തദ്ദേശീയർ ജോലി ചെയ്തിരുന്നു. ഇവരിൽ 25,000 പേരെയും പിരിച്ചുവിടേണ്ടിവന്നതായി മുഹമ്മദ് സൈദ് ദുഃഖത്തോടെ പറഞ്ഞു.

"ഈ വലിയ ഹോട്ടൽ തന്നെ നോക്കൂ. ഞാനുൾപ്പെടെ പത്തു പേരേ ഇവിടെ ഇപ്പോൾ ജോലിക്കാരായി ഉള്ളൂ. ഹോട്ടലിന്റെ ഉടമ പോലും ഇസ്‌ലാമാബാദിലേക്ക് താമസം മാറ്റി."

ട്രാൻസ്പോർട്ട്, മാർബിൾ ഫാക്ടറികൾ, പഴത്തോട്ടങ്ങൾ തുടങ്ങിയ മേഖലകളിൽ നിന്ന് എത്ര പേരെ പിരിച്ചുവിട്ടു എന്ന് വ്യക്തമല്ല.

### സൂഫി മുഹമ്മദുമായി മുഖാമുഖം

തഹ്‌രീകെ നിഫാദെ ശരീഅ മുഹമ്മദിയുടെ നേതാവ് സൂഫി മുഹമ്മദിന്റെ സ്വാധീനം എത്ര ശക്തമാണെന്ന് അധികമാർക്കും അറിയില്ല. അദ്ദേഹമാണ് കഴിഞ്ഞ ഫെബ്രുവരിയിൽ തന്റെ മരുമകൻ ഫസ്‌ലുല്ല നേതൃത്വം നൽകുന്ന പ്രാദേശിക താലിബാനും ഭരണകൂടവും തമ്മിൽ ഒരു സമാധാനക്കരാർ ഉണ്ടാക്കുന്നതിൽ മാധ്യസ്ഥം വഹിച്ചത്. സ്വാതിലും അതിർത്തി സംസ്ഥാനത്തെ പല ജില്ലകളിലും ശരീഅത്ത് അടിസ്ഥാനപ്പെടുത്തിയുള്ള നിസാമെ അദ്ൽ നടപ്പാക്കും എന്നായിരുന്നു കരാറിലെ വ്യവസ്ഥകളിലൊന്ന്.

മിതഭാഷിയും പണ്ഡിതനുമായ സൂഫി മുഹമ്മദുമായുള്ള അഭിമുഖം എന്റെ ഒരാഴ്ച നീണ്ട സ്വാത് പര്യടനത്തിന് നല്ലൊരു പര്യവസാനമാവുമെന്ന് കരുതി, അദ്ദേഹത്തിന്റെ ജന്മനാടായ ദീർ ജില്ലയിലെ ലാൽഖില ഗ്രാമത്തിലേക്ക് ഞാൻ യാത്ര തിരിച്ചു. വഴിയിൽ താലിബാൻ പോരാളികൾ നിലയുറപ്പിച്ചിരുന്നു. അവർ ഞങ്ങളെ തടഞ്ഞുനിർത്തി ചോദ്യം ചെയ്തു. മീഡിയയിൽ നിന്നാണെന്നും സൂഫി മുഹമ്മദിന്റെ സുഹൃത്തുക്കളാണെന്നും പറഞ്ഞപ്പോഴാണ് വിട്ടയച്ചത്. അദ്ദേഹം താമസിക്കുന്ന തിമർഗറ ഗസ്റ്റ്ഹൗസിൽ ഞങ്ങൾ എത്തി. ടി.എൻ.എസ്.എമ്മിന്റെ കൂടിയാലോചനാ സമിതി അംഗങ്ങൾ ഞങ്ങളെ വരവേറ്റു. അവർ എല്ലാവരും 'കറുത്ത തലപ്പാവ്' അണിഞ്ഞിരുന്നു. അത് സംഘടനയിലെ അംഗങ്ങളുടെ അടയാളക്കുറിയാണ്.

76കാരനായ സൂഫി മുഹമ്മദിനെ കാണാനായിരുന്നു എനിക്ക് തിടുക്കം. ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധം വിഛേദിച്ചതിന് ശേഷം 1992ൽ ആണ് അദ്ദേഹം ടി.എൻ.എസ്.എം രൂപവത്കരിച്ചത്. 2001ൽ അമേരിക്കയുടെ നേതൃത്വത്തിലുള്ള സഖ്യ സൈന്യങ്ങൾ താലിബാൻ ഭരണകൂടത്തെ പുറത്താക്കിയതിനു ശേഷമാണ് അദ്ദേഹം അഫ്ഗാനിൽനിന്ന് പാകിസ്താനിൽ തിരിച്ചെത്തിയത്. അതിർത്തി നിയമങ്ങൾ ലംഘിച്ചതിന് ഏഴു വർഷത്തെ തടവിന് അദ്ദേഹം ശിക്ഷിക്കപ്പെട്ടു.

സൂഫി മുഹമ്മദ് തടവിലായിരിക്കെ ടി.എൻ.എസ്.എം, അദ്ദേഹത്തിന്റെ മകളുടെ ഭർത്താവ് ഫസ്‌ലുല്ലയുടെ നേതൃത്വത്തിൽ ഒരു സായുധ ഗ്രൂപ്പും മുഹമ്മദ് ആലമിന്റെ നേതൃത്വത്തിൽ സമാധാന പ്രിയരുടെ മറ്റൊരു ഗ്രൂപ്പുമായി വഴിപിരിഞ്ഞു. 2008ലാണ് സൂഫി മുഹമ്മദ് ജയിൽ മോചിതനായത്.

ഞങ്ങൾ ഗസ്റ്റ് ഹൗസിന്റെ വിശാലമായ മുറ്റത്ത് വിശ്രമിക്കുമ്പോൾ നീണ്ട വെളുത്ത താടിയും കറുത്ത തലപ്പാവും തവിട്ടുനിറമുള്ള സൽവാർ കമീസും ധരിച്ച പ്രായംചെന്ന ഒരാൾ കടന്നു വന്നു. "താങ്കൾ സൂഫി മുഹമ്മദിനെ മുമ്പ് കണ്ടിട്ടുണ്ടോ?" സൂഫിയുടെ ഡെപ്യൂട്ടി മൗലാനാ ആലം എന്നോട് ചോദിച്ചു.

"ഇല്ല."

"എന്നാൽ കണ്ടോളൂ. ഇതാണ് സൂഫി സാഹിബ്."

സൂഫിയെ സ്വീകരിക്കാനായി ഞാൻ ചാടിയെണീറ്റു. ടി.എൻ.എസ്.എം നേതാക്കൾ ഒന്നും സംഭവിക്കാത്ത മട്ടിൽ പുൽത്തകിടിൽതന്നെ ഇരുന്നു. ഞാൻ പഷ്തൂൺ രീതിയിൽ കെട്ടിപ്പിടിക്കാൻ ചെന്നപ്പോൾ അദ്ദേഹം അൽപം അകന്നുമാറി എനിക്ക് കൈ തന്നു.

"സൂഫി സാഹിബ് ആരെയും ആലിംഗനം ചെയ്യില്ല." മൗലാനാ ആലം വിശദീകരിച്ചു. "ഹസ്തദാനം മാത്രമേ ചെയ്യൂ.

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അതാണ് പ്രവാചകൻ കാണിച്ചുതന്ന അഭിവാദന രീതി."

"താൻ വരുമ്പോൾ ആരും എണീറ്റ് നിൽക്കരുത് എന്നും അദ്ദേഹം ഞങ്ങളെ വിലക്കിയിട്ടുണ്ട്." നേതാവ് വന്നപ്പോൾ എഴുന്നേൽക്കാതിരുന്നതിന്റെ കാരണം ആലം വ്യക്തമാക്കി.

സൂഫിയോടുള്ള എന്റെ ഒന്നാമത്തെ ചോദ്യം: "ഏതു തരത്തിലുള്ള ശരീഅത്താണ് നിങ്ങൾ സ്വാതിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?"

"മുഹമ്മദിന്റെ ശരീഅത്ത്. ഞങ്ങൾ ഒരിക്കലും ശിക്ഷ വിധിക്കുകയോ അത് നടപ്പാക്കുകയോ ചെയ്യില്ല. ഖാദി കോർട്ടുകളാണ് അതെല്ലാം ചെയ്യുക. വ്യക്തമായ തെളിവുണ്ടെങ്കിലേ ശിക്ഷാ നടപടി ഉണ്ടാവൂ. തെളിവില്ലെങ്കിൽ കുറ്റാരോപിതന് അതിന്റെ ആനുകൂല്യം ലഭിക്കും."

ഫെബ്രുവരിയിൽ ഒപ്പുവെച്ച കരാർ പ്രകാരം നിസാമെ അദ്ൽ എന്ന പേരിലുള്ള ഒരു നിയമസംഹിതയാണ് താലിബാന് നടപ്പാക്കാൻ അനുവാദം ലഭിച്ചിരുന്നത്. അതുപ്രകാരം സ്വാത്, ശിത്റൽ, കൂഹിസ്താൻ തുടങ്ങിയ ജില്ലകളിലാണ് ഖാദി കോർട്ടുകൾ നിലവിൽ വരിക. സിവിൽ കേസുകളിൽ ആറു മാസത്തിനകവും ക്രിമിനൽ കേസുകളിൽ നാലു മാസത്തിനകവുമാണ് കോടതി വിധി പറയുക. ഖാദി കോർട്ടുകളുടെ വിധിയെ ദാറുൽ ഖദാ എന്ന മേൽക്കോടതിയിൽ ചോദ്യം ചെയ്യാം. ദാറുൽ ഖദായുടെ വിധി അന്തിമമായിരിക്കും. "താലിബാനോ ടി.എൻ.എസ്.എം പ്രവർത്തകരോ ഇതിൽ ഇടപെടില്ല. ഗവൺമെന്റ് ഉദ്യോഗസ്ഥരും പോലീസുമായിരിക്കും വിധിയുടെ നടത്തിപ്പുകാർ."

ഇത് രാജ്യത്തിന്റെ പരമാധികാരത്തെ ചോദ്യം ചെയ്യലല്ലേ എന്ന എന്റെ ചോദ്യത്തിന്, "രാഷ്ട്രത്തിനകത്ത് ഒരു രാഷ്ട്രം എന്ന ആശയത്തെ ഞങ്ങൾ പിന്തുണക്കുന്നില്ല. അത് ആര് ചെയ്താലും എതിർക്കുകയും ചെയ്യും" എന്നായിരുന്നു മറുപടി. "ഈ സംവിധാനത്തിലൂടെ നീതിനിർവഹണം വേഗം സാധ്യമാവുമെങ്കിൽ, അത് രാഷ്ട്രത്തിലെ മറ്റു മേഖലകൾക്കും മാതൃകയായിരിക്കും. ഓരോ പ്രദേശത്തെയും ജനങ്ങൾ ഈ സംവിധാനം വേണമെന്ന് ആവശ്യപ്പെടും. അതായിരിക്കും ഞങ്ങളുടെ യഥാർഥ വിജയം."

ഭക്ഷണം കഴിച്ചേ പോകാവൂ എന്ന് സൂഫി മുഹമ്മദ് പ്രത്യേകം പറഞ്ഞിട്ടുണ്ടെന്ന് മൗലാനാ ആലം അറിയിച്ചു. ഭക്ഷണമേശക്ക് മുമ്പിൽ എല്ലാ ടി.എൻ.എസ്.എം ശൂറാ അംഗങ്ങളുമുണ്ട്; സൂഫി മുഹമ്മദ് ഒഴികെ. സ്വാത് കരാറിന്റെ മറ്റൊരു വട്ടം ചർച്ചകൾക്കായി അദ്ദേഹം ഗവൺമെന്റ് പ്രതിനിധികളെ കാണാൻ പോയിരിക്കുകയാണെന്ന് ആരോ പറ ഞ്ഞു. ■